# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 2 — 28.06.2016 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) വിലക്കയറ്റം തടയാൻ വിപണിയിൽ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.<br><br>നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും, സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തി വരുന്നു. കൂടാതെ സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും ടെണ്ടർ മുഖേന നേരിട്ട് സംഭരിക്കുന്ന കാര്യവും പരിശോധിച്ച് വരുന്നു.<br><br>വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും, സിവിൽ സപ്ലൈസ് വകുപ്പിന്റേയും നേതൃത്വത്തിൽ, പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും, റെയ്ഡുകളും നടത്തിവരുന്നു. |

| | |
|---|---|
| (സി) ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും സർക്കാരും മറ്റ് ഇതര ഏജൻസികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇതര ഏജൻസികളെ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരഞ്ഞെടുത്ത വിൽപ്പനശാലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കെപ്കോ, എം.പി.ഐ. എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ